പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5537 02.07.2014-ൽ മറുപടിക്ക്

## ഡയൽ എ ഡോക്ടർ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബെന്നി ബെഹനാൻ<br>,, റ്റി.എൻ.പ്രതാപൻ<br>,, പാലോട് രവി<br>,, ഷാഫി പറമ്പിൽ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 'ഡയൽ എ ഡോക്ടർ' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ഡയൽ എ ഡോക്ടർ പദ്ധതി 2014 മാർച്ച് മാസം 3-ാം തീയതി മുതൽ ആരംഭിച്ചു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഈ പദ്ധതി സാധാരണ ജനങ്ങൾക്ക് ആരോഗ്യ-ആരോഗ്യാനുബന്ധമായ വിഷയങ്ങളിൽ ഉണ്ടാകാറുള്ള സംശയങ്ങൾക്ക് വിദഗ്ധ ഡോക്ടർമാരുടെ ഉപദേശം 24 മണിക്കൂറും ഫോൺവഴി ലഭ്യമാക്കുന്നു. |
| (സി) ആരോഗ്യ സംബന്ധമായ സംശയനിവാരണത്തിനായി വിദഗ്ധ ഡോക്ടറുടെ ഉപദേശം തേടുവാൻ എന്തെല്ലാം സംവിധാനമാണ് പദ്ധതിയിൽ ഒരുക്കിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) ദിശ പദ്ധതിയുടെ ഭാഗമായി 24X7 മാതൃകയിൽ സജ്ജീകരിച്ചിട്ടുള്ള 1056 എന്ന ബി.എസ്.എൻ. എൽ ടോൾ ഫ്രീ നമ്പരിലേയ്ക്ക് വിദഗ്ധ ഉപദേശത്തിനായി സംസ്ഥാനത്തിനകത്തുള്ള പൊതു ജനങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന ഓരോ കോളുകളും അനുബന്ധ വിഭാഗത്തിലെ വിദഗ്ധരായ ഡോക്ടർമാർക്ക് കൈമാറുന്നു. തുടർന്ന് വിളിച്ച ആളിന് തന്നെ ഡോക്ടർമാരിൽ നിന്ന് വിദഗ്ധ ഉപദേശം ലഭ്യമാകുന്നു. ഡയൽ എ ഡോക്ടർ പദ്ധതിയുമായി ബന്ധപ്പെട്ടു വരുന്ന എല്ലാ |

| | |
|---|---|
| | കോളുകളുടെ ഓഡിയോ റിക്കോർഡിംഗിനുള്ള സംവിധാനം കോൾ സെന്ററിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇത്തരം കോളുകൾ രഹസ്യ സ്വഭാവത്തോടു കൂടിയാണ് കൈകാര്യം ചെയ്യുന്നത്. |
| (ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) ദിശ പദ്ധതിയുടെ ഭാഗമായുള്ള പശ്ചാത്തല സൗകര്യത്തിലാണ് ഡയൽ എ ഡോക്ടർ പദ്ധതിയും സജ്ജീകരിച്ചിട്ടുള്ളത്. ദിശയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.ബി.ഉണ്ണികൃഷ്ണനെ നോഡൽ ഓഫീസറായും കൂടാതെ ഒരു കോൾ സെന്റർ മാനേജർ, ഫ്ലോർ മാനേജർമാർ, 23 കൗൺസിലർമാർ എന്നിവരെയും നിയമിച്ചിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ